# കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - അംഗീകാരമില്ലാത്ത സ്ക്കുളുകളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ എഴുതുന്നതും സർക്കാർ/എയ്ഡഡ്/ അംഗീകൃത സ്ക്കൂളുകളിൽ ചേർന്ന് പഠിക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ. (സാധാ)നം: 807/14/പൊവിവ** **തീയതി,തിരുവനന്തപുരം,18/02/2014**

പരാമർശം: സ.ഉ. (സാ.ധാ)നം: 569/2013/പൊ.വി.വ. തീയതി, 11/2/2013

**ഉത്തരവ്**

അംഗീകാരമില്ലാത്ത സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2013-2014 അദ്ധ്യയന വർഷം അംഗീകാരമുള്ള സ്ക്കൂളുകളിൽ ചേർന്ന് പഠനം തുടരാൻ പരാമർശത്തിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്ക്കൂളുകളിൽ നിരവധി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്നും ഈ വിദ്യാർത്ഥികളെ അംഗീകാരമുള്ള സ്ക്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും കാണിച്ച് നിരവധി രക്ഷകർത്താക്കൾ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ഈ പ്രശ്നം സർക്കാർ വിശദമായി അവലോകനം ചെയ്തു. ആർ.ടി.ഇ.എ. (വിദ്യാഭ്യാസ അവകാശ നിയമം) നിലവിൽ വന്നെങ്കിലും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടികൾ പൂർത്തിയായിട്ടില്ല. അടുത്ത അദ്ധ്യയന വർഷത്തോടുകൂടി സ്ക്കൂളുകളുടെ അംഗീകാരം സംബന്ധിച്ച നടപടികൾ പൂർത്തിയാകും .എന്ന് കരുതുന്ന സാഹചര്യം പരിഗണിച്ച് കെ.ഇ.ആർ. അദ്ധ്യായം 1 ചട്ടം 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഇളവ് വരുത്തി ഇവർക്ക് തുടർപഠനം നടത്തുന്നതിന് അവസരം ഒരുക്കേണ്ടതുണ്ട് എന്ന് സർക്കാർ കരുതുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ കെ.ഇ.ആർ. അദ്ധ്യായം 6 ചട്ടം 8 ലെ വ്യവസ്ഥയിൽ ഇളവ് വരുത്തി ഇത്തരം വിദ്യാർത്ഥികൾക്ക് മുൻവർഷത്തെപ്പോലെ സർക്കാർ/എയ്ഡഡ്/ സർക്കാർ അംഗീകൃത സ്ക്കൂളുകളിൽ 2014-15 അദ്ധ്യയന വർഷം ചേർന്നു പഠിക്കാൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. സർക്കാർ അംഗീകാരമില്ലാത്ത സ്ക്കൂളുകളിൽ പഠിച്ചു വരുന്ന കുട്ടികൾക്ക് സർക്കാർ അംഗീകരിച്ച സ്ക്കൂളുകളിലെ 10 വരെ ക്ലാസുകളിൽ ചേർന്ന് തുടർന്ന് പഠിക്കാൻ വയസ് പോലുള്ള നിബന്ധനകൾക്ക് വിധേയമായി തൊട്ടുതാഴെ ക്ലാസിൽ നിന്ന് ഉയർന്ന ക്ലാസിലേക്ക് പ്രമോഷന് അർഹരാകുവാൻ വേണ്ടി താഴെ ക്ലാസിൽ യോഗ്യതാ എഴുത്തുപരീക്ഷ നടത്താൻ അതാത് സർക്കാർ/എയ്ഡഡ്/ സർക്കാർ

അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തുന്നു. ഇങ്ങനെ ചേർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിൽ തൊട്ട് താഴെയുള്ള ക്ലാസ് ഇല്ലെങ്കിൽ അത്തരം ക്ലാസുകളുള്ള മറ്റ് അംഗീകൃത സ്കൂളിൽ പരീക്ഷ നടത്താവുന്നതാണ്. അങ്ങനെ പരീക്ഷ നടത്തിയ സ്കൂളിൽ നിന്ന് പ്രമോഷന് അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഉയർന്ന ക്ലാസുകളിൽ ഈ വിദ്യാർത്ഥികൾക്ക് ടി.സി. ഇല്ലാതെ പ്രവേശനം കൊടുക്കാവുന്നതാണ്.

2. അംഗീകാരമില്ലാത്ത സ്കൂളുകളിൽ നാലാംക്ലാസിലും താഴെയും പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഉയർന്ന ക്ലാസുകളിൽ സർക്കാർ അംഗീകൃത വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കണമെങ്കിൽ, മുൻ ഖണ്ഡിക പ്രകാരമുള്ള യോഗ്യതാ പരീക്ഷ നടത്താൻ അതത് ഗവൺമെന്റ് / എയിഡഡ്/ അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തുന്നു.

3. ഈ വിദ്യാർത്ഥികളുടെ പ്രമോഷനുവേണ്ടി തുടർ മൂല്യനിർണയത്തിന്റെ (സി.ഇ) സ്കോർ പരിഗണിക്കേണ്ടതില്ല. വിവിധ വിഷയങ്ങളുടെ എഴുത്തു പരീക്ഷയുടെ മാത്രം സ്കോർ പരിഗണിച്ചാൽ മതി.

4. 2014-15 അദ്ധ്യയന വർഷം സർക്കാർ അംഗീകൃത സ്കൂളുകളിൽ ചേർന്ന് തുടർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ **28/05/2014 – ന് മുമ്പായി** അപേക്ഷ ബന്ധപ്പെട്ട ഗവൺമെന്റ് /എയിഡഡ്/ അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകേണ്ടതും ഹെഡ്മാസ്റ്റർമാർ സഹാദ്ധ്യാപകരുടെ സഹായത്തോടെ വിവിധ വിഷയങ്ങളുടെ യോഗ്യതാ പരീക്ഷ നടത്തേണ്ടതും പരീക്ഷാഫലം **31/05/2014 ന് മുമ്പായി** പ്രസിദ്ധീകരിക്കേണ്ടതുമാണ്. അർഹരായവർക്ക് തൊട്ടുയർന്ന ക്ലാസിൽ ടി.സി. ഇല്ലാതെ പ്രവേശനം അനുവദിക്കുന്നതിനുള്ള അവസാന തീയതി **04/06/2014** ആയും നിശ്ചയിച്ചിരിക്കുന്നു.

5. സ്കൂളിൽ പ്രവേശനം നേടുന്ന കുട്ടികൾ സാധാരണയായി പാലിക്കേണ്ട എല്ലാ നടപടിക്രമങ്ങളും ടി.സി. ഒഴികെയുള്ള കാര്യങ്ങളിൽ ഹെഡ്മാസ്റ്റർമാർ ഉറപ്പാക്കേണ്ടതാണ്.

സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ചനടപടികൾ അടുത്ത അദ്ധ്യയന വർഷം പൂർത്തിയാകും എന്ന് കരുതപ്പെടുന്ന സാഹചര്യത്തിലാണ് ഇപ്രകാരം പ്രത്യേക അനുമതി നൽകുന്നത്. ഭാവിയിൽ ഇളവ് അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി. രത്നമ്മ**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതുവിദ്യാഭാസ ഡയറക്ടർ,തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും } (പൊതുവിദ്യാഭാസ ഡയറക്ടർ
എല്ലാ ജില്ലാ വിദ്യാഭ്യാസഓഫീസർമാർക്കും } മുഖേന)

ഡയറക്ടർ, വിവരപൊതുജന സമ്പർക്കവകുപ്പ്
(വ്യാപകമായ പ്രചാരണം നൽകുന്നതിന്)
ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Sreedevi

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നം. എച്ച് (1)/18679/14/ഡിപിഐ

പൊതുവിദ്യാഭാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം,തീയതി:03.03.2014

പകർപ്പ് എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടേയും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

(ഒപ്പ്)
**പൊതുവിദ്യാഭാസ ഡയറക്ടർക്കുവേണ്ടി**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

പകർപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്ക്കൂൾ പ്രോജക്ട്
(ജനറൽ എഡ്യൂക്കേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)